# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4204**

**12.11.2019 ൽ മറുപടിക്ക്**

## പുതിയ പാറമടകൾക്ക് ലൈസൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ് | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പാറമടകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(എ)

| ജില്ല | അനുമതിയോടുകൂടി പ്രവർത്തിക്കുന്നവ |
|---|---|
| തിരുവനന്തപുരം | 58 |
| കൊല്ലം | 27 |
| പത്തനംതിട്ട | 41 |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | 31 |
| ഇടുക്കി | 18 |
| എറണാകുളം | 97 |
| തൃശ്ശൂർ | 28 |
| പാലക്കാട് | 72 |
| മലപ്പുറം | 88 |
| കോഴിക്കോട് | 62 |
| വയനാട് | 10 |
| കണ്ണൂർ | 69 |
| കാസർഗോഡ് | 12 |

(ബി) 2019 ൽ പുതുതായി ക്വാറികൾക്ക്അനുമതി നൽകിയിട്ടുണ്ടോ; പുതിയ ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് പരിസ്ഥിതി ആഘാതം, ഭൂഗർഭ ജലവിതാനം എന്നിവ സംബന്ധിച്ച പഠനമെന്തെങ്കിലും നടത്താറുണ്ടോ; വിശദമാക്കുമോ;

(ബി) 2019 ൽ പുതുതായി ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പുതിയ ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ (SEIAA) നിന്നുള്ള പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടതുണ്ട്. സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി പാരിസ്ഥിതികാഘാതം സംബന്ധിച്ച് വിലയിരുത്തിയതിനുശേഷമാണ് പാരിസ്ഥിതികാനുമതിക്ക് ശിപാർശ ചെയ്യുന്നത്.

(സി) സംസ്ഥാനത്ത് അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് അറിയിക്കാമോ;

(സി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

| ജില്ല | അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടത് |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | 15 (നിലവിലില്ല) |
| ഇടുക്കി | 5 (സ്റ്റോപ്പ് നോട്ടീസ് നൽകി നിർത്തിവച്ചു) |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | 12 (നിലവിലില്ല) |
| പാലക്കാട് | 35 (നിലവിലില്ല) |
| മലപ്പുറം | 44 (നോട്ടീസ് നൽകി നിർത്തി വയ്പ്പിച്ച് തുടർ നടപടി സ്വീകരിച്ചു) |
| കോഴിക്കോട് | 4 (നിലവിലില്ല) |
| വയനാട് | 1 (നിലവിലില്ല) |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | 56 (നിലവിലില്ല; കണ്ടെത്തി നടപടി സ്വീകരിച്ചു.) |

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണാവശ്യത്തിലേക്ക് അദാനി ഗ്രൂപ്പിന് കരിങ്കല്ല് ലഭ്യമാക്കുവാൻ ക്വാറി ലൈസൻസ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ നഗരൂർ വില്ലേജിൽ സർവ്വേ നമ്പർ 555/2-ൽ പെട്ട 3.6630 ഹെക്ടർ സർക്കാർ ഭൂമിയിൽ നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അദാനി വിഴിഞ്ഞം പോർട്ട് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ക്വാറിയിങ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**